## പതിമൂന്നാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1368 12.03.2015 - ൽ മറുപടിക്ക്

### കോട്ടപ്പുറം പാലത്തിന്റെ പൂർത്തീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ : (തൃക്കരിപ്പൂർ) | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതു മരാമത്ത് വകുപ്പ് മന്ത്രി) |
| തൃക്കരിപ്പൂർ മണ്ഡലത്തിലെ കോട്ടപ്പുറം പാലത്തിന്റെ പണി പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ; പി. ഡബ്ലിയു. ഡി. സെക്രട്ടറി വിളിച്ചുചേർത്ത ഉന്നതതലയോഗത്തിൽ 10 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കരാറുകാരൻ വ്യക്തമാക്കിയിട്ടും പകുതിയോളം പണി അവശേഷിക്കാൻ കാരണമെന്തെന്ന് വ്യക്തമാക്കാമോ ? | കരാറുകാരന്റെ ഭാഗത്തു നിന്നുള്ള വീഴ്ച മൂലം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലത്തിന്റെ നിർമ്മാണ പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ 23.02.2015 - ന് വിളിച്ചുചേർത്ത യോഗത്തിൽ ബിൽ കുടിശ്ശിക ലഭിക്കാനുള്ളതിനാൽ 30.09.2015 - നുള്ളിൽ മാത്രമേ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ എന്നാണ് കരാറുകാരൻ അറിയിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ